₹ 5/-

# റിയൽ ലൈഫ് വോയ്സ്

# R E A L   L I F E   V O I C E

Monthly

Volume 11
Issue 5

**November 2022**

pages 24

“ദൈവത്തിന്റെ വഴി തികവുള്ളത്; യഹോവ യുടെ വചനം ഊതിക്കഴിച്ചത്. തന്നെ ശരണ മാക്കുന്ന ഏവർക്കും അവൻ പരിചയാകുന്നു. യഹോവയല്ലാതെ ദൈവം ആരുള്ളൂ? നമ്മുടെ ദൈവം ഒഴികെ പാറയാരുള്ളൂ? എന്നെ ശക്തി കൊണ്ട് അരമുറുക്കുകയും എന്റെ വഴി കുറവ് തീർക്കുകയും ചെയ്യുന്ന ദൈവം തന്നേ.”

**(സങ്കീർത്തനങ്ങൾ 18:30–32)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

| Since 2012 | REAL LIFE VOICE | No. 131 |
| --- | --- | --- |

Volume 11 Issue 5 November 2022 pages 24 Rs.5/

**Email:** reallifekottekad@gmail.com

**Website:** www.reallifevoice.in

**Editor:** Sebastian M.V.
Ph: 95 44 557 557

**DTP:** Sebastian M.V.

**Printed at:** Chirayath Printers, Mannuthy P.O., Tcr.

**Published at:** Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013

**Annual Subscription:** Rs.60/-

**ദയവായി മണിഓർഡർ അയയ്ക്കരുത്**

*Bank:* State Bank of India
*Branch:* Punnamparambu
*IFS Code:* SBIN0070342
*A/c No.:* 40447607951
*Name:* Sebastian M V

## Book No. 131

## ഉള്ളടക്കം

| | പേജ് |
| --- | --- |
| • അധികാരവും ഏറ്റുമുട്ടലും | 3 |
| • പ്രതികരണങ്ങൾ | 6 |
| • ദൈവത്തിന്റെ വിശ്വസ്തത (7) | 8 |
| • റോമർ 16 ലെ ദൈവമക്കൾ (4) | 11 |
| • ഹബക്കൂക് (9) | 14 |
| • ഓരോരോ ജന്മങ്ങള് (9) | 17 |
| • ബൈനോക്കുലർ (18) | 19 |
| • ഔസേപ്പുണ്ണിയുടെ മരണം | 21 |
| • പെറ്റിക്കേസ് കൂട്ടേണ്ട | 24 |

ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# അധികാരവും ഏറ്റുമുട്ടലും

അധികാരം കയ്യിൽ കിട്ടിയാൽ ആ അധികാരം ഉപയോഗിച്ച് ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്ത് ജനത്തിന്റെ കയ്യടിയും സന്തോഷവും കൈപ്പറ്റാൻ ഭരണാധികാരികൾ ശ്രദ്ധിക്കണം. അതിനുപകരം തമ്മിൽ കലഹിച്ചും പരസ്പരം ഒതുക്കിയും അവർ മുന്നേറിയാൽ പാവം ജനം വലഞ്ഞുപോവുകയേയുള്ളൂ. അധികാരം കയ്യാളുന്നവർ പണ്ട് നടത്തിയിട്ടുള്ള കയ്യാങ്കളികളുടെ വീരഗാഥകൾ ഛർദ്ദിച്ചുകൊണ്ട് ഇന്നത്തെ സമൂഹത്തിന്റെ മുമ്പിൽ വലിയവൻ ആകാൻ നടത്തിയ ശ്രമങ്ങൾ നാം കണ്ടിട്ടുണ്ട്. അതുപോലെ പുതിയ പോർമുഖങ്ങൾ തുറന്ന് അവർ വീണ്ടും ഏറ്റുമുട്ടുന്നതും നമുക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്.

### മുഖ്യമന്ത്രിയും കെപിസിസി പ്രസിഡണ്ടും ബ്രണ്ണൻകോളേജും

മുഖ്യമന്ത്രി ശ്രീ.പിണറായി വിജയനും കെപിസിസി പ്രസിഡണ്ട് ശ്രീ. സുധാകരനും പണ്ട് ബ്രണ്ണൻകോളേജിൽ വച്ച് ഏറ്റുമുട്ടിയ ചരിത്രം അവർ നമ്മോടു വെളിപ്പെടുത്തിയപ്പോൾ രണ്ടുപേർക്കും ഏകദേശം 75 വയസ്സുണ്ടായിരുന്നു. തലശ്ശേരി ബ്രണ്ണൻകോളേജിലെ റഗുലർ വിദ്യാർത്ഥിയായിരുന്ന സുധാകരൻ 'സപ്ലി' എഴുതാനായി വന്ന വിജയനെ തൊഴിച്ചു താഴെയിട്ടുവെന്ന് ഒരാൾ; അങ്ങനെയല്ല സംഭവിച്ചതെന്നും വിജയൻ രണ്ടുകയ്യും ഒരു പ്രത്യേക രീതിയിൽ കൊട്ടിയപ്പോൾ സുധാകരൻ സ്തബ്ധനായി നിൽക്കുകയും പിന്നീട് സ്ഥലകാലബോധം തിരിച്ചുകിട്ടിയപ്പോൾ ഓടിപ്പോവുകയുമാണ് ഉണ്ടായത് എന്നും മറ്റൊരാൾ. ഏതാണ് നേര് എന്ന് ദൈവം തമ്പുരാന് അറിയാം.

ഏതായാലും ബ്രണ്ണൻകോളേജിൽ പണ്ട് ഇവർ രണ്ടുപേരും കാണിച്ചിട്ടുള്ള ഗുണ്ടാസ്വഭാവത്തിന്റെ വീര്യമുള്ള കഥകൾ കേട്ട് ഇന്നത്തെ യുവാക്കൾ ഹരം കൊള്ളാതിരിക്കട്ടെ. 75 വയസ്സോളമുള്ള ഈ രണ്ടു വയോധികരും ഇക്കാര്യം പബ്ലിക്കിന്റെ മുമ്പിൽ പറഞ്ഞത് അല്പംപോലും കുറ്റബോധത്തോടുകൂടി ആയിരുന്നില്ല. രണ്ടുപേരും വിളമ്പിയ ഈ പൊങ്ങച്ചം കൊണ്ട് ആർക്ക് എന്ത് നേട്ടം? കെഎസ്‌യുക്കാരും എസ്എഫ്ഐക്കാരും ഏതു തരത്തിലുള്ള ഊർജ്ജമാണ് ഇതിൽനിന്നും സ്വന്തമാക്കുക?

**ഗവർണറും സർക്കാരും സർവകലാശാലകളും**

ഗവർണറും സർക്കാരും തമ്മിൽ ഏറ്റുമുട്ടുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ആരിഫ് മുഹമ്മദ്ഖാൻ എന്ന ഗവർണറും പിണറായി വിജയൻ എന്ന മുഖ്യമന്ത്രിയും തമ്മിലാണ് ഏറ്റുമുട്ടൽ. രണ്ടുപേരും അധികാരം കയ്യിലുള്ളവരാണ്. സർവകലാശാലകളെ സംബന്ധിച്ചാണ് രണ്ടു കൂട്ടരുടെയും ഇടയിലെ തർക്കം. ഭരണപക്ഷം തങ്ങളുടെ സ്വന്തക്കാരെയും ബന്ധക്കാരെയും പാർട്ടിക്കാരെയും പല അധികാരസ്ഥാനങ്ങളിലും തിരുകിക്കയറ്റിയിരിക്കയാണെന്നും ധീരനായ ഗവർണർ ഇതിനെതിരെയാണ് ശബ്ദമുയർത്തിയിരിക്കുന്നതെന്നും ഗവർണറെ അനുകൂലിക്കുന്നവർ പറയുന്നു. സർക്കാരിനെ അനുകൂലിക്കുന്നവർ പറയുന്നത്, ഗവർണർ ബിജെപിയുടെ നോമിനിയാണെന്നും അതുകൊണ്ട് ബിജെപിയുടെ അജണ്ട നടപ്പിലാക്കുകയാണെന്നും ആണ്. ഏതാണ് ശരിയെന്നു കാലം തെളിയിക്കും.

കോടതിയും നിയമവിദഗ്ദരുമൊക്കെ ധാരാളമുള്ള നമ്മുടെ നാട്ടിൽ ഗവർണറും സർക്കാരും തമ്മിലുള്ള ഈ തർക്കത്തെപ്പറ്റി അഭിപ്രായം പറയാൻ ഞാൻ തുനിയുന്നില്ല. ഏതായാലും രണ്ടു കാര്യത്തിൽ എനിക്ക് ഗവർണറെ വളരെ ഇഷ്ടപ്പെട്ടിരുന്നു. ഒന്ന്: പേഴ്സണൽ സ്റ്റാഫും പെൻഷനും എന്ന കാര്യത്തിൽ കേരളത്തിൽ മാത്രം കണ്ടുവരുന്ന വിചിത്രമായ നയങ്ങൾക്കെതിരെ അദ്ദേഹം പ്രതികരിച്ചത്; രണ്ട്: മുഖ്യമന്ത്രിയെ കരിങ്കൊടി കാണിക്കാതിരിക്കാനുള്ള മുൻകരുതൽ എന്നോണം പോലീസുകാർ വഴിയാത്രക്കാരുടെ ഉൾപ്പെടെ കറുത്ത മാസ്ക് നിർബന്ധമായി അഴിപ്പിച്ച് സ്വയം അഴിഞ്ഞാട്ടം നടത്തിയപ്പോൾ അതിനെക്കുറിച്ച് അന്വേഷിക്കും എന്ന് ഗവർണർ അഭിപ്രായപ്പെട്ടത്. ഉടനെ വന്നു മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും വിശദീകരണം: കറുത്ത മാസ്ക് അഴിപ്പിക്കാൻ ആർക്കും നിർദ്ദേശം കൊടുത്തിട്ടില്ലത്രേ!

ഗവർണറും സർക്കാരും തമ്മിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പോരിൽ ആരുടെയെങ്കിലും പക്ഷം പിടിക്കാൻ ഞാൻ തയ്യാറല്ലെന്നു നേരത്തെ വ്യക്തമാക്കിയല്ലോ. കാരണം ഇത് സംബന്ധിച്ചുള്ള നിയമങ്ങളെക്കുറിച്ച് അത്രമാത്രം വിവരമൊന്നും എനിക്കില്ല. ഏതായാലും ഈ തർക്കം എത്രയും വേഗത്തിൽ അവസാനിച്ചുകാണണമെന്ന് എന്നെപ്പോലെയുള്ള ആളുകൾക്ക് ആഗ്രഹമുണ്ട്. എന്തുകൊണ്ടെന്നാൽ നമ്മുടെ നാട്ടിൽ എത്രയോ പ്രശ്നങ്ങൾ അടിയന്തിരപ്രാധാന്യമുള്ളവയായി ഉണ്ട്! അതിലേക്കൊന്നും ശ്രദ്ധ കൊടുക്കാൻ അധികാരികൾക്ക് കഴിയുന്നില്ല.

**ഭരണപക്ഷവും പ്രതിപക്ഷവും വിദേശയാത്രകളും**

മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും അവരുടെ ബന്ധുക്കളോടൊപ്പം നടത്തിയ വിദേശയാത്രകളെ രൂക്ഷമായി വിമർശിച്ചുകൊണ്ട് കെപിസിസി

അദ്ധ്യക്ഷൻ ശ്രീ.കെ.സുധാകരനും പ്രതിപക്ഷനേതാവ് ശ്രീ. വി.ഡി.സതീശനും മുന്നോട്ടുവന്നതാണ് മറ്റൊരു ഏറ്റുമുട്ടൽ. ഖജനാവിൽനിന്ന് ലക്ഷങ്ങൾ ധൂർത്തടിച്ചുകൊണ്ട് വിദേശയാത്ര നടത്തുകയാണെന്നു പ്രതിപക്ഷം; അതല്ല, സ്വന്തം കാശു മുടക്കിയാണ് കുടുംബാംഗങ്ങളെ കൊണ്ടുപോകുന്നതെന്ന് ഭരണപക്ഷം. ഉല്ലാസയാത്രകളാണ് ഇതെല്ലാമെന്ന് ഭരണപക്ഷം; അതല്ല, കാര്യങ്ങൾ പഠിക്കാനാണ് ഈ യാത്രയെന്നു ഭരണപക്ഷം. ഈ യാത്രകൾകൊണ്ട് സംസ്ഥാനത്തിന് യാതൊരു ഗുണവുമുണ്ടായിട്ടില്ലെന്നു പ്രതിപക്ഷം; ധാരാളം ഗുണങ്ങൾ ഭാവിയിൽ ഉണ്ടാകും എന്നു ഭരണപക്ഷം.

ഏതു ഭാഗമാണ് ശരി? എനിക്കറിഞ്ഞുകൂടാ. എന്തുകൊണ്ടാണ് ഇവർ കമ്മ്യൂണിസ്റ്റ്രാജ്യങ്ങളിലേക്ക് വിദേശയാത്ര നടത്താത്തത് എന്നും എന്തുകൊണ്ടാണ് ഇവർ അസുഖം വരുമ്പോൾ കമ്മ്യൂണിസ്റ്റ്രാജ്യങ്ങളിലേക്ക് ചികിത്സയ്ക്ക് പോകാതെ അമേരിക്ക പോലുള്ള മുതലാളിത്തരാജ്യങ്ങളിലേക്ക് മാത്രം ചികിത്സയ്ക്ക് പോകുന്നതെന്നും ഏതോ ഒരുത്തൻ സോഷ്യൽമീഡിയായിൽ ചോദിച്ചിരിക്കുന്നത് കാണാൻ കഴിഞ്ഞു. ആരും അതിനു മറുപടി പറഞ്ഞ് കണ്ടില്ല. മറുപടി പറയാൻ തക്ക നിലവാരം ആ ചോദ്യങ്ങൾക്കില്ലായിരിക്കാം.

**ഏറ്റുമുട്ടലുകൾ അവസാനിക്കട്ടെ**

അധികാരം കയ്യാളുന്നവർ തമ്മിൽ നടത്തുന്ന ഈ ഏറ്റുമുട്ടലുകൾ കൊണ്ട് സമയനഷ്ടം മാത്രമാണ് പലപ്പോഴും ഉണ്ടാകുന്നത്. നിരവധി വിഷയങ്ങളിൽനിന്ന് ശ്രദ്ധ തിരിഞ്ഞുപോകാൻ ഇത് കാരണമാവുന്നു. സാമ്പത്തികമായി നമ്മുടെ സംസ്ഥാനം അത്ര ഭദ്രമായ നിലയിലല്ല. നികുതികൾ കൂട്ടി, പൊതുജനത്തെ വലച്ച്, സാമ്പത്തികപരാധീനതകളിൽനിന്നും രക്ഷപ്പെടാനാണ് ഭരണാധികാരികൾ ശ്രദ്ധിക്കുന്നത്. എന്നാൽ ധൂർത്തിനും പൊങ്ങച്ചത്തിനും പരസ്യത്തിനും വേണ്ടി ചെലവാക്കുന്ന ലക്ഷങ്ങൾ ഒഴിവാക്കിയാൽ ഉണ്ടാകുന്ന നേട്ടത്തെക്കുറിച്ച് ഇവിടെ ആർക്കും അറിഞ്ഞുകൂടാ എന്നു തോന്നുന്നു.

ചെലവ് ചുരുക്കേണ്ടതിനു പകരം കോടികൾ ധൂർത്തടിച്ചുകൊണ്ട് നടത്തുന്ന പ്രഹസനങ്ങൾ എല്ലാവരും കാണുന്നുണ്ട് എന്നെങ്കിലും അധികാരികൾ ഓർക്കണം. വെറുതെയല്ല അധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കാൻ ബൈബിൾ നിർദ്ദേശിച്ചിരിക്കുന്നത് (1 തിമൊ.2:1-2). സമാധാനമുള്ളതും ശാന്തവുമായ ഒരു ജീവിതം നയിക്കാൻ ആഗ്രഹമുണ്ടെങ്കിൽ എല്ലാ വിശ്വാസികളും അതു ചെയ്യണമത്രേ. ഭരണപക്ഷം, പ്രതിപക്ഷം, ഗവർണർ എന്നിവർക്കെല്ലാം വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ശരിയുടെ ഭാഗം എപ്പോഴും ജയിക്കട്ടെ. തിന്മയുടെ ഭാഗം തിരുത്തപ്പെടട്ടെ. തിരുത്തുവാൻ താത്പര്യമില്ലെങ്കിൽ അത് അമ്പേ പരാജയപ്പെട്ടുപോകട്ടെ. **എം.വി.എസ്.**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## Mary Babu, Perumbavoor, Ernakulam

മാസിക എല്ലാ മാസവും കിട്ടുന്നുണ്ട്. വളരെ ആർത്തിയോടെ ഞാൻ വായിക്കുന്നു. വളരെയധികം കാര്യങ്ങൾ ഇതിലൂടെ പഠിക്കുവാൻ എനിക്ക് സാധിച്ചു. ഇനിയും അനേകർക്ക് ഇത് പ്രയോജനകരമായി തീരുവാൻ സഹോദരന്റെ കരങ്ങൾക്ക് ദൈവം ശക്തി നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാ ലേഖനങ്ങളും വളരെയധികം പ്രയോജനമുള്ളവയാണ്.

## Thressiamma K T, Adivaram, Kozhikode

*സത്യം തേടിയുള്ള അന്വേഷണം* എന്ന പുസ്തകം വായിക്കാനിടയായി. ഞാൻ അത് പല തവണ വായിച്ചു. വളരെ നല്ല പുസ്തകമാണ്.

## M P Johnson, Thenhipalam, Malappuram

കഴിഞ്ഞ ദിവസം എന്റെ സുഹൃത്തിന്റെ പക്കൽനിന്നാണ് ഈ മാസിക എനിക്ക് ലഭിച്ചത്. ഞാൻ ആകമാനം ഒന്നു കണ്ണോടിച്ചപ്പോൾ ആനുകാലിക സംഭവങ്ങളും ബൈബിൾപഠനപരമ്പരകളും സാരോപദേശങ്ങളും ഉള്ളടക്കം ചെയ്തിരിക്കുന്ന വളരെ മനോഹരമായതും, വലുപ്പംകൊണ്ട് ചെറുതും ഉള്ളടക്കം കൊണ്ട് വലുതുമായ ഈ പ്രസിദ്ധീകരണം എന്നെ വല്ലാതാകർഷിച്ചു. തത്ഫലമായി ഇതിന്റെ ഒരു വരിക്കാരനാകാൻ ഞാൻ തീരുമാനിച്ചു. അടുത്ത ലക്കം മുതൽ മാസിക അയച്ചുതുടങ്ങും എന്നു പ്രതീക്ഷിക്കുന്നു.

## P T Skariah, Pambady, Kottayam

എനിക്ക് 92 വയസ്സുണ്ട്. മാസിക എനിക്ക് വലിയ ഇഷ്ടമാണ്. ഞാനത് കിട്ടാനായി കാത്തിരിക്കും. എനിക്കു പരിചയമുള്ള പലർക്കും ഞാൻ ഈ മാസിക പരിചയപ്പെടുത്തിയിട്ടുണ്ട്. പഴയ ആളുകളെക്കുറിച്ചു പരിചയപ്പെടുത്തുന്ന ലേഖനങ്ങൾ നല്ലതാണ്. മുമ്പ് താരപ്പനെക്കുറിച്ച് കുറെ ലക്കങ്ങളിലുണ്ടായിരുന്നു. ഇപ്പോൾ റ്റി.എ. കുര്യനെക്കുറിച്ച് എഴുതുന്നുണ്ടല്ലോ.

**M C Chacko, Chowannur, Thrissur**

നാക് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ എഡിറ്റോറിയൽ നന്നായിരുന്നു. കോളേജിന്റെ വിജയശതമാനം ഉയർത്താൻ വിദ്യാർത്ഥികളെ വഴിവിട്ട് സഹായിക്കാൻ കോളേജുകൾക്ക് പ്രേരണയുണ്ടാകും എന്ന കാര്യം ശ്രദ്ധിച്ചു. കേരളത്തിന് പുറത്ത് പല സംസ്ഥാനങ്ങളിലും ഇപ്രകാരം നട ക്കുന്നതായി അറിയാം. ആ അവസ്ഥ കേരളത്തിലും വരാതിരിക്കട്ടെ.


## നമ്മുടെ വെബ്സൈറ്റിൽ ലഭ്യമായ പുസ്തകങ്ങൾ

## www.reallifevoice.in

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. ആഭരണധാരണം
4. സഭ
5. പരിശുദ്ധാത്മാവ്
6. യോവേൽ (പുസ്തകപഠനം)
7. ഓബദ്യാവ് (പുസ്തകപഠനം)
8. മീഖാ (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടിയുള്ള അന്വേഷണം
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർ അവരുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf അവരുടെ വാട്സാപ് നമ്പറിലേക്ക് അയച്ചുതരുന്നതാണ്.**

# ദൈവത്തിന്റെ വിശ്വസ്തത
## [ FAITHFULNESS OF GOD ]

**സാഗറിലെ സുവിശേഷകനായിരുന്ന ഡോ. റ്റി. എ. കുര്യന്റെ ജീവചരിത്രം**

**Prof. T. John Mathew**

പരിഭാഷ: എം. വി. സെബാസ്റ്റ്യൻ

7

**ഡോ. റ്റി. എ. കുര്യൻ**
**(1920–2007)**

**50–തിലധികം വർഷങ്ങൾ മദ്ധ്യപ്രദേശിലെ സാഗർ കേന്ദ്രമാക്കിക്കൊണ്ട് സുവിശേഷവേല ചെയ്തു.**

**ബൈബിളിന്റെ മൂലഭാഷകളായ ഹീബ്രുവും ഗ്രീക്കും പലരേയും പഠിപ്പിച്ചു.**

**ഹിന്ദിയിൽ 1036 പേജുകളുള്ള 'യീശു ചരിത മാനസ്' എന്ന മഹാകാവ്യം രചിച്ചു.**

**മഹാകവി കെ. വി. സൈമന്റെ ജീവചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിച്ചു.**

അദ്ദേഹത്തിന്റെ മക്കൾക്കും കൊച്ചുമക്കൾക്കും വായിച്ചു മനസ്സിലാക്കാൻ കഴിയണമെന്നാഗ്രഹിച്ചതിനാൽ ഈ ഗ്രന്ഥത്തിന്റെ രചന ഇംഗ്ലീഷിലാണ് ഗ്രന്ഥകർത്താവ് നിർവ്വഹിച്ചത്. കേരളത്തിലെ വിശ്വാസികൾക്കു വേണ്ടി അത് പരിഭാഷപ്പെടുത്തി ഇവിടെ പ്രസിദ്ധീകരിക്കുന്നു.
**(എഡിറ്റർ)**

### ആത്മീയവളർച്ച

റ്റി. എ. കുര്യന്റെ (കുഞ്ഞച്ചന്റെ) അമ്മ (അന്നമ്മ) അവനോട് രക്ഷാസന്ദേശവും വീണ്ടുംജനനത്തിന്റെ ആവശ്യകതയും വിശദീകരിച്ചു. അങ്ങനെ ക്രിസ്തീയവിശ്വാസത്തിന്റെ വിത്ത് അവന്റെ ഹൃദയത്തിൽ വിതച്ചു. അത് പിന്നീടുള്ള വർഷങ്ങളിൽ വളരുകയും വളരെയധികം ഫലം കായ്ക്കുന്ന വൃക്ഷമായിത്തീരുകയും ചെയ്തു.

ബൈബിളിലെ ചില വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് അന്നമ്മ അവനോട് രക്ഷാസന്ദേശം സംസാരിച്ചപ്പോൾ, തന്റെ പ്രിയപ്പെട്ട മകൻ അവസാനം തന്നെ വിട്ട് ഉത്തരേന്ത്യയിലേക്ക് ഒരു മിഷനറിയായിപ്പോകും എന്നു അവൾ കരുതിയില്ല. അമ്മയെന്ന നിലയിലും യേശുക്രിസ്തുവിന്റെ സാക്ഷിയെന്ന നിലയിലും അവൾ തന്റെ കടമ നിർവഹിച്ചു. അമ്മ പറഞ്ഞ വാക്കുകൾ മകന്റെ മനസ്സിൽ ആഴത്തിലുള്ള സ്വാധീനമാണ് ഉളവാക്കിയത്.

കുഞ്ഞച്ചൻ സുവിശേഷം മനസ്സിലാക്കുകയും വിശ്വാസം ഏറ്റുപറയുകയും ചെയ്തുവെങ്കിലും അതിന്റെ

അർത്ഥം പൂർണ്ണമായി മനസ്സിലാക്കാൻ കുറച്ചുകൂടി സമയമെടുത്തു. രക്ഷയുടെ ഉറപ്പും ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ വിശ്വാസവും അവന് ലഭിക്കാൻ അവനെ പ്രാപ്തനാക്കിയത് അവൻ സ്വയം നടത്തിയ വചനപഠനമായിരുന്നു. ദൈവം തന്റെ മക്കൾക്കായി കരുതുന്നു എന്നു ഈ പഠനങ്ങളിലൂടെ അവൻ മനസ്സിലാക്കി. മാത്രമല്ല, "ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല" (എബ്രായർ 13:5) എന്ന വാഗ്ദത്തം പൂർണ്ണമായി വിശ്വസിക്കാൻ കഴിയുമെന്നും അവൻ മനസ്സിലാക്കി. അവൻ വചനപഠനം കൂടുതൽ ഉത്സാഹത്തോടെ തുടർന്നു.

പുതിയനിയമത്തിന്റെ മൂലഭാഷയായ ഗ്രീക്ക് പഠിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ കുഞ്ഞച്ചൻ എങ്ങനെയോ നേടി. ഗ്രീക്കിലുള്ള പുതിയനിയമം അദ്ദേഹം വാങ്ങുകയും ആ ഭാഷ പഠിക്കാനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തു. അദ്ദേഹം സംസ്കൃതം പഠിച്ചിട്ടുണ്ടായിരുന്നു. ഭാഷകൾ പഠിക്കാനുള്ള അഭിരുചി നിമിത്തം അദ്ദേഹം ഹിന്ദിയും പഠിച്ചു. ക്രിസ്തീയസഭാചരിത്രത്തെക്കുറിച്ചും പ്രത്യേകിച്ച് മിഷനറിമാരുടെ പ്രവർത്തനങ്ങളെയും കുറിച്ച് മനസ്സിലാക്കാൻ അങ്കിളിന്റെ ലൈബ്രറി അദ്ദേഹത്തെ പ്രാപ്തനാക്കി. അദ്ദേഹം വായിച്ച പുസ്തകങ്ങളും ബൈബിൾവ്യാഖ്യാനഗ്രന്ഥങ്ങളും ക്രിസ്തീയസഭയുടെ ഉപദേശങ്ങളിൽ വ്യക്തമായ അറിവ് നേടാൻ അദ്ദേഹത്തെ സഹായിച്ചു.

വിയോജിതപ്രസ്ഥാനത്തിന്റെ എല്ലാ യോഗങ്ങളിലും പങ്കെടുക്കാൻ അദ്ദേഹം ശ്രമിച്ചു. എപ്പിസ്കോപ്പൽസഭകളുടെ ഉപദേശങ്ങളെ എതിർക്കുകയും അപ്പൊസ്തലന്മാരുടെ പഠിപ്പിക്കലുകളെ അനുസരിക്കുകയും ചെയ്ത ഒരു ആത്മീയപ്രസ്ഥാനമായിരുന്നു വിയോജിതപ്രസ്ഥാനം. മഹാകവി കെ. വി. സൈമൻ ആയിരുന്നു ഇതിന്റെ നേതാവ്. അങ്ങനെ ശ്രീ. കെ. വി. സൈമന്റെ പ്രസംഗങ്ങൾ കേൾക്കാൻ കുഞ്ഞച്ചനു അവസരം ലഭിച്ചു; മാത്രമല്ല, ബൈബിൾസംബന്ധമായ സംശയങ്ങൾക്ക് അദ്ദേഹത്തിൽനിന്ന് വിശദീകരണങ്ങളും നേടാൻ കഴിഞ്ഞു.

**പ്രാർത്ഥനയോടെയുള്ള കീഴടങ്ങൽ**

പരിശുദ്ധാത്മാവിനാൽ പ്രചോദിപ്പിക്കപ്പെട്ട കുഞ്ഞച്ചൻ തന്റെ വിദ്യാഭ്യാസവും താൻ നേടിയ അറിവുകളുമെല്ലാം ദൈവനാമമഹത്വത്തിനും സുവിശേഷത്തിന്റെ വ്യാപനത്തിനും ഉപയോഗിക്കണമെന്നു ആഗ്രഹിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്തു. എഴുമറ്റൂർസഭ നടത്തിയ സുവിശേഷപ്രസംഗങ്ങളിൽ അദ്ദേഹം അത്യധികം ഉത്സാഹത്തോടെ പങ്കെടുത്തു. സ്കൂളിലെ തന്റെ സഹഅദ്ധ്യാപകരുമായും ഒരു പരിധിവരെ വിദ്യാർത്ഥികളുമായും അദ്ദേഹം സുവിശേഷം പങ്കുവച്ചു. സുവിശേ

ഷകന്റെ മനസ്സുള്ള അദ്ധ്യാപകനായി അദ്ദേഹം കണക്കാക്കപ്പെട്ടു.

**ഒരു മിഷനറിയാകാനുള്ള തീരുമാനം**

സ്കൂളിൽ ശ്രീ. കുര്യൻ (കുഞ്ഞച്ചൻ) അദ്ധ്യാപകനായും ഒരു പരിധി വരെ കർത്താവിന്റെ സാക്ഷിയായും മുന്നോട്ടുപോയെങ്കിലും, അദ്ധ്യാപക ജോലി ഉപേക്ഷിച്ച് കർത്താവിന്റെ മുഴുവൻസമയ സാക്ഷിയായിക്കൊണ്ട് ജീവിക്കേണ്ടിവരുമെന്ന് അവനു തോന്നിയിരുന്നില്ല. ലോകത്തിന്റെ മുഴുവൻ സുവിശേഷീകരണത്തിനും പ്രത്യേകിച്ച് ഇന്ത്യയുടെ സുവിശേഷീകരണത്തിനും വേണ്ടി അദ്ദേഹം പ്രാർത്ഥിക്കുമായിരുന്നു. വടക്കേ ഇന്ത്യയെക്കുറിച്ച് ചിന്തിച്ചപ്പോൾ, ആത്മീയമായി മരിച്ചവരെക്കൊണ്ട് നിറഞ്ഞ വലിയൊരു തരിശുഭൂമിപോലെ അദ്ദേഹത്തിനു തോന്നി. അവിടെയും ഇവിടെയും കുറച്ചു സഭകൾ മരുപ്പച്ചപോലെ ഉണ്ടെന്നു മാത്രം.

വടക്കേ ഇന്ത്യയുടെ സുവിശേഷീകരണത്തിനുവേണ്ടി അദ്ദേഹം പ്രാർത്ഥന തുടർന്നെങ്കിലും പരിശുദ്ധാത്മാവ് ജോലി ഉപേക്ഷിക്കാൻ തന്നോടു ആവശ്യപ്പെടുമെന്നോ, വടക്കേ ഇന്ത്യയിലേക്ക് തന്നെ പറഞ്ഞയയ്ക്കുമെന്നോ അദ്ദേഹം ചിന്തിച്ചിരുന്നില്ല.

**(തുടരും)**

**സോഷ്യൽമീഡിയായിൽ കേട്ടത്:**

അത്ഭുതരോഗശാന്തി നടത്തുന്നവർ എന്തുകൊണ്ടാണ് ആശുപത്രികളിൽ രോഗശാന്തി ശുശ്രൂഷ നടത്താത്തത്? കാരണം ആശുപത്രികളിൽ ഉള്ളത് യഥാർത്ഥ രോഗികളാണ്; നടന്മാരല്ല.

## പ്രതികരിക്കുക

ഞങ്ങളുടെ വായനക്കാർ ഈ മാസികയിലെ വിഭവങ്ങളെ എങ്ങനെ നോക്കിക്കാണുന്നുവെന്നു ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിയുന്നത് അവരുടെ പ്രതികരണങ്ങളിൽ നിന്നാണ്. അതുകൊണ്ട് പ്രതികരണങ്ങൾ അറിയിക്കുക. വായനക്കാരുടെ പ്രതികരണങ്ങൾ മാസികയിൽ പ്രസിദ്ധീകരിക്കുവാൻ പരമാവധി ശ്രമിക്കുന്നതാണ്. (എഡിറ്റർ)

# റോമർ 16–ാം അദ്ധ്യായത്തിലെ ദൈവമക്കൾ

4

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

**5. മറിയ**

*"നിങ്ങൾക്കായി വളരെ അദ്ധ്വാനിച്ചവളായ മറിയെക്കു വന്ദനം ചൊല്ലുവിൻ" (റോമർ 16:6).*

റോമർ 16–ാം അദ്ധ്യായത്തിൽ പൗലൊസ് പ്രതിപാദിക്കുന്ന ദൈവമക്കളുടെ പേരുകളിൽ അഞ്ചാമതായി പറയുന്നത് മറിയ എന്ന സഹോദരിയെക്കുറിച്ചാണ്. ഈ സഹോദരിയെക്കുറിച്ചു പറഞ്ഞിരിക്കുന്ന വാക്യം വായിച്ചു ധ്യാനിച്ചപ്പോൾ മൂന്നു വ്യത്യസ്ത മനോഭാവങ്ങളെക്കുറിച്ച് (attitudes) എഴുതാനാണ് എനിക്ക് പ്രേരണയുണ്ടായത്.

**1. ഒരു സാധാരണ വ്യക്തിയുടെ മനോഭാവം**

മറിയ എന്ന പേരിൽ പല സ്ത്രീകളും ബൈബിളിലുണ്ട്. എന്നാൽ ഇവിടെ പറഞ്ഞിരിക്കുന്ന മറിയ റോമാസഭയിലെ വിശ്വാസിയാണ്. ഈ മറിയയെക്കുറിച്ച് ഈ ഒറ്റ വാക്യം മാത്രമേ ബൈബിളിലുള്ളൂ. അപ്പൊസ്തലനായ പൗലൊസ് ഇങ്ങനെയൊരു വാക്യം എഴുതിയില്ലായിരുന്നുവെങ്കിൽ, ഈ സഹോദരിയെക്കുറിച്ചും അവളുടെ അദ്ധ്വാനത്തെക്കുറിച്ചും നാം ചർച്ച ചെയ്യപ്പെടാതെ പോകുമായിരുന്നു; അവൾ ആരാലും അറിയപ്പെടാതെ പോകുമായിരുന്നു. പ്രശസ്തരാകണമെന്നും മറ്റുള്ളവർ എന്നെ ശ്രദ്ധിക്കണമെന്നും ആഗ്രഹിക്കുന്നവരാണ് ഭൂരിഭാഗം ആളുകളും എന്ന കാര്യം നാം ഓർക്കുക. പൗലൊസും മറ്റുള്ളവരും എഴുതാതെ പോയ എത്രയോ സഹോദരന്മാരും സഹോദരിമാരും ഉണ്ടായിരിക്കും! അവരെയെല്ലാം ഒരിക്കൽ നാം കാണും എന്നു പ്രത്യാശിക്കാം.

മറ്റുള്ളവരുടെ ഇടയിലുള്ള പ്രശസ്തിയല്ല, ദൈവമുമ്പാകെയുള്ള പ്രശംസയാണ് നമുക്ക് വേണ്ടത്. മനുഷ്യർ ഒരു പക്ഷേ നമ്മെ അവഗണിച്ചു എന്നു വരാം; നമ്മുടെ പുരോഗതിയിലേക്കുള്ള വഴി മുടക്കി എന്നു വരാം; ഈ

ലോകത്തിൽ ആരാലും അറിയപ്പെടാതെയും അംഗീകരിക്കപ്പെടാതെയും നാം ജീവിക്കേണ്ടി വന്നേക്കാം; ആരുടെയും ശ്രദ്ധയാകർഷിക്കാത്ത വിധം നാം ഈ ലോകത്തിൽനിന്നും മാറ്റപ്പെട്ടു എന്നു വരാം. പക്ഷേ സ്നേഹവാനായ ദൈവം നമ്മെ കാണുന്നുണ്ട്. മനുഷ്യർ അറിഞ്ഞില്ലെങ്കിലും ദൈവം നമ്മെ അറിയുന്നുണ്ട്. മനുഷ്യൻ മാനിച്ചില്ലെങ്കിലും ദൈവം നമ്മെ മാനിക്കും. മനുഷ്യർ നമ്മുടെ വാക്കുകൾക്ക് ചെവി തന്നില്ലെങ്കിലും നമ്മുടെ വാക്കുകളെ ശ്രദ്ധിക്കുവാൻ ദൈവമുണ്ട്.

*"എൻമൊഴി കേൾപ്പാൻ ഭൂവിൽ കാതില്ലെങ്കിലും*
*ചെമ്മയായ് തുറന്ന കാതൊന്നുണ്ടു സ്വർഗ്ഗത്തിൽ"*

(മഹാകവി കെ. വി. സൈമൺ)

മറ്റുള്ളവർ എന്നെ ശ്രദ്ധിക്കണമെന്ന മനോഭാവത്തോടെ നാം നീങ്ങുമ്പോൾ അവരുടെ ശ്രദ്ധയാകർഷിക്കാനും അംഗീകാരം ലഭിക്കാനുമായി പല വിട്ടുവീഴ്ചകൾക്കും നാം തയ്യാറാവേണ്ടി വരും. ദൈവവചനത്തിന്റെ അതിർത്തി നാം ലംഘിക്കേണ്ടിവരും. എനിക്ക് എന്റെ ദൈവത്തിന്റെ സ്നേഹവും അംഗീകാരവും ആണ് വലുത് എന്ന ചിന്തയോടെയാണ് നാം ജീവിക്കുന്നതെങ്കിൽ, ക്രിസ്തീയജീവിതത്തിൽ വളരെയധികം ആത്മാർത്ഥത കാണിക്കാൻ നമുക്കു കഴിയുകയും ചെയ്യും.

### 2. പൗലൊസിന്റെ മനോഭാവം

പൗലൊസ് സ്ത്രീവിരോധിയാണ് എന്നാണ് പലരും ചിന്തിക്കുന്നത്. സ്ത്രീ സഭയിൽ മിണ്ടാതിരിക്കട്ടെ എന്നും ഭാര്യ ഭർത്താവിന് കീഴടങ്ങിയിരിക്കട്ടെ എന്നെല്ലാം പൗലൊസ് എഴുതിയതാണ് കാരണം. (ഇക്കാര്യം നാം നേരത്തെ ചിന്തിച്ചിട്ടുള്ളതാണ്). പക്ഷേ പൗലൊസ് സ്ത്രീവിരോധിയല്ല. ദൈവേഷ്ടപ്രകാരമുള്ള കാര്യങ്ങൾ മാത്രം ഞാൻ പഠിപ്പിക്കും, പ്രസംഗിക്കും, എഴുതും – ഇതാണ് പൗലൊസിന്റെ മനോഭാവം. റോമർ 16 ൽ പൗലൊസ് പറയുന്ന പേരുകളിൽ ആദ്യത്തേതു തന്നെ ഒരു സഹോദരിയുടേതാണല്ലോ – ഫേബ! പിന്നീട് പ്രിസ്കില്ലയുടെ കാര്യവും പറഞ്ഞു. മറിയ ആ ലിസ്റ്റിലെ മൂന്നാമത്തെ സഹോദരിയാണ്. ആ ലിസ്റ്റിൽ മുകൾത്തട്ടിലാണ് ഈ സഹോദരിമാരുടെ പേരുകൾ ചേർത്തിരിക്കുന്നത് എന്നു നാം പ്രത്യേകം ശ്രദ്ധിക്കണം. പൗലൊസിന് സ്ത്രീവിരോധമോ, സഭയിലെ സ്ത്രീകൾക്ക് പൗലൊസ്വിരോധമോ ഉണ്ടായിരുന്നില്ല.

### 3. മറിയയുടെ മനോഭാവം

"നിങ്ങൾക്കായി വളരെ അദ്ധ്വാനിച്ചവളായ മറിയ" എന്നാണ് പൗലൊസ് എഴുതിയിരിക്കുന്നത്. അവളുടെ മനോഭാവം നോക്കുക. സഭയ്ക്കുവേണ്ടി

അദ്ധ്വാനിക്കാനുള്ള മനസ്സ് അവൾക്കുണ്ടായിരുന്നു. ഒരു സ്ത്രീ സഭയ്ക്കു വേണ്ടി അദ്ധ്വാനിക്കുകയോ?! സ്ത്രീ സഭയിൽ മിണ്ടാതിരിക്കണം, സ്ത്രീ സഭയിൽ പഠിപ്പിക്കാൻ പാടില്ല, സ്ത്രീ മൂപ്പനാകാൻ പാടില്ല.... എന്നിട്ടും അവൾ സഭയ്ക്കുവേണ്ടി അദ്ധ്വാനിച്ചു! നേതൃസ്ഥാനത്തേക്ക് വരാൻ ദൈവം അവളെ അനുവദിക്കുന്നില്ല, വചനം പഠിപ്പിക്കാൻ ദൈവം അവളെ അനുവദിക്കുന്നില്ല... എന്നിട്ടും അവൾ സഭയ്ക്കു വേണ്ടി അദ്ധ്വാനിച്ചു! എന്തു അദ്ധ്വാനമാണ് അവൾ നടത്തിയത് എന്നു നമുക്കറിഞ്ഞുകൂടാ. അക്കാര്യം പൗലൊസ് വിശദീകരിക്കുന്നില്ല. റോമാസഭയിലുള്ള എല്ലാവർക്കും മറിയ നടത്തിയ അദ്ധ്വാനത്തെക്കുറിച്ചു അറിവുള്ളതുകൊണ്ടാണ് പൗലൊസ് അതു വിവരിക്കാഞ്ഞത്.

വചനം സഹോദരിമാർക്കു നേരെ പലവിധ വിലക്കുകളും വച്ചിട്ടുപോലും, സഭയ്ക്കുവേണ്ടി അദ്ധ്വാനിക്കാൻ മറിയ ആഗ്രഹിച്ചു. അപ്പോൾ, സഹോദരിമാർക്ക് സഭയ്ക്കുവേണ്ടി ചെയ്യാൻ കഴിയുന്ന പല ശുശ്രൂഷകളും ഉണ്ടെന്നു മനസ്സിലായല്ലോ. സഭാനേതൃത്വത്തിലേക്ക് വരാതെയും സഭയിൽ വചനം പഠിപ്പിക്കാതെയും ഇരുന്നുകൊണ്ടു തന്നെ സഹോദരിമാർക്ക് സഭയ്ക്കുവേണ്ടി അദ്ധ്വാനിക്കാൻ പല മേഖലകളുമുണ്ട്. ഏതൊക്കെയാണ് അവ എന്നു സ്വന്തം സഭയിലെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സഹോദരിമാർ സ്വയം കണ്ടുപിടിക്കണം. സഭയ്ക്കുവേണ്ടി അദ്ധ്വാനിക്കണം. സഹോദരന്മാരുടെ അദ്ധ്വാനം മാത്രമല്ല സഭയ്ക്ക് ആവശ്യമായിട്ടുള്ളത്, സഹോദരിമാരുടെ അദ്ധ്വാനം കൂടി ആവശ്യമുണ്ട്.

സഹോദരിമാർക്ക് സഭയ്ക്കുവേണ്ടി നടത്താവുന്ന അദ്ധ്വാനങ്ങളുടെ ഒരു ലിസ്റ്റ് ഇവിടെ കൊടുക്കുന്നു: (a) ഭർത്താക്കന്മാരോടൊപ്പം സുവിശേഷവേല ചെയ്യുക (1 കൊരിന്ത്യർ 9:5); (b) പ്രാർത്ഥനയിൽ ഉറ്റിരിക്കുക (1 തിമൊ. 5:5); (c) അതിഥികളെ സത്കരിക്കുക (1 തിമൊ. 5:10); (d) ഞെരുക്കത്തിലിരിക്കുന്നവരെ സഹായിക്കുക (1 തിമൊ. 5:10); (e) മാതൃകയായി ജീവിക്കുക (തീത്തൊസ് 2:2-3); (f) മറ്റു സഹോദരിമാരെ ഉപദേശിക്കുക (തീത്തൊസ് 2:4-5).

സഭയിൽ സജീവമായി നിലകൊള്ളുന്ന ഒരു സഹോദരിക്ക് താൻ ഉൾപ്പെട്ടു നിൽക്കുന്ന സഭയിൽ സ്വന്തം അദ്ധ്വാനം ആവശ്യമായ മേഖലകൾ തിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ടാവില്ല. റോമാസഭയിൽ തന്റെ അദ്ധ്വാനം ആവശ്യമായ മേഖലകൾ മറിയ തിരിച്ചറിഞ്ഞു. അവൾ സഭയ്ക്കുവേണ്ടി അദ്ധ്വാനിച്ചു. റോമാസഭയുടെ വളർച്ചയിലും നിലനിൽപ്പിലും ഈ അദ്ധ്വാനത്തിനു നിർണ്ണായകമായ സ്ഥാനമുണ്ട്.

**(തുടരും)**

# ഹബക്കൂക്
## (പുസ്തകപഠനം)

9

### -എംവിഎസ്-

**ഹബക്കൂക് 1:13,14**

*ദോഷം കണ്ടുകൂടാതവണ്ണം നിർമ്മലദൃഷ്ടിയുള്ളവനും പീഡനം കാണ്മാൻ കഴിയാത്തവനുമായുള്ളോവേ, ദ്രോഹം പ്രവർത്തിക്കുന്നവരെ നീ വെറുതെ നോക്കുന്നതും ദുഷ്ടൻ തന്നിലും നീതിമാനായവനെ വിഴുങ്ങുമ്പോൾ നീ മിണ്ടാതിരിക്കുന്നതും മനുഷ്യരെ സമുദ്രത്തിലെ മത്സ്യങ്ങളെപ്പോലെയും അധിപതിയില്ലാത്ത ഇഴജാതികളെപ്പോലെയും ആക്കുന്നതും എന്ത്?*

**ദോഷം കണ്ടുകൂടാതവണ്ണം നിർമ്മലദൃഷ്ടിയുള്ളവൻ**

നമ്മുടെ ദൈവത്തിനുള്ള ഗുണങ്ങളിൽ ഒന്നാണിത്. മനുഷ്യനിലുള്ളതുപോലെ തിന്മകൾ ദൈവത്തിന് ഉണ്ടായിരിക്കരുത്. ദൈവം എന്നു വിളിക്കണമെങ്കിൽ ദൈവത്തിന് ചില ഗുണങ്ങൾ വേണം. സർവവ്യാപിയാകണം, പരിശുദ്ധനാകണം, സ്നേഹവാനാകണം, സർവശക്തനാകണം, നിത്യനാകണം, ദീർഘക്ഷമയുള്ളവനാകണം... ഇതൊന്നുമില്ലാത്തവരെ നാം ദൈവം എന്നു വിളിക്കാനോ ആരാധിക്കാനോ തുനിയരുത്.

പലരുടെയും ദൈവങ്ങൾ മനുഷ്യരുടെ ബലഹീനതകൾ അതേപടി ഉള്ളവരോ, മനുഷ്യരേക്കാൾ അധ:പതിച്ചവരോ ആണ്. ക്ഷിപ്രകോപികൾ, ചതിപ്രയോഗത്തിലൂടെയും നുണപറഞ്ഞും ജയിക്കുന്നവർ, സ്ത്രീകൾ അടുത്തുകൂടെ പോയാൽ കണ്ട്രോൾ നഷ്ടപ്പെടുന്നവർ ഇങ്ങനെയുള്ളവരെയൊന്നും ആരും ദൈവമായി ആരാധിക്കരുത്. സാക്ഷാൽ ദൈവം ദോഷം കണ്ടുകൂടാതവണ്ണം നിർമ്മലദൃഷ്ടിയുള്ളവനാണ്.

ദൈവം നമ്മെ നോക്കുന്നത് നിർമ്മലദൃഷ്ടിയോടെയാണ്. ആ ദൈവത്തിന്റെ മുമ്പാകെ നിർമ്മലസ്വഭാവമുള്ളവരായി നടക്കാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. നാം ലോകപ്രകാരം വളരെ നല്ലവരായിരിക്കാം. ലോകത്തിലെയും സഭയിലെയും ആളുകൾക്ക് ഒരുപക്ഷേ നമ്മെക്കുറിച്ച് നല്ല അഭിപ്രായമുണ്ടാകാം. പക്ഷേ ദൈവം നോക്കുമ്പോൾ അതങ്ങനെയല്ലെങ്കിലോ? മികച്ചവൻ, നല്ലവൻ, മാതൃകയുള്ളവൻ എന്നിങ്ങനെ ലോകം നല്ല സർട്ടിഫിക്കറ്റ് കൊടുത്ത പലരും ദൈവമുമ്പാകെ പരാജയമായിട്ടുണ്ട്.

എഫെസൊസിലെ സഭയ്ക്ക് പല ഗുണങ്ങളുണ്ടായിരുന്നുവെങ്കിലും ഒരു ദോഷം ഉണ്ടായിരുന്നു (വെളിപ്പാട് 2:2). ഗുണങ്ങൾ എത്രയുണ്ടെ ങ്കിലും ദൈവം ആ ഗുണത്തെ മാത്രമല്ല, ദോഷത്തെയും കാണുന്നവനാ ണ്. ഈ ദൈവത്തെയാണ് നാം ആരാധിക്കുന്നത്. നിർമ്മലദൃഷ്ടിയുള്ള ദൈവത്തിന്റെ മുമ്പിൽ പാപപകൃതിയുള്ള ശരീരവുമായി നാം ആരാധി ക്കുമ്പോൾ അത് കേൾക്കാൻ നിന്നുതരുന്ന ദൈവം! ഈ ദൈവം എത്രയോ ദീർഘക്ഷമയുള്ളവനും സ്നേഹവാനുമാണ്!

**പീഡനം കാണ്മാൻ കഴിയാത്തവൻ**

ഏതെങ്കിലും തരത്തിലുള്ള അകൃത്യം കണ്ടുനിൽക്കാൻ ഈ ദൈവം തയ്യാറല്ല. എന്തുകൊണ്ടാണ് ഇവിടെ അകൃത്യങ്ങൾ പെരുകുന്നത്? എന്തു കൊണ്ടാണ് ദൈവം പ്രതികരിക്കാത്തത്? മൂന്നു കാരണങ്ങൾ ഉണ്ട്:

(1) ദൈവം ദീർഘക്ഷമയുള്ളവനാണ്. ക്ഷിപ്രകോപിയെപ്പോലെ ഇട പെടാൻ ദൈവം ആഗ്രഹിക്കുന്നില്ല. ക്ഷമിക്കാൻ ഒരുക്കമുള്ള ദൈവമാ ണിത്.

(2) ദൈവം സ്നേഹവാനാണ്. അകൃത്യം ചെയ്തവനെ ദൈവം സ്നേഹിക്കുന്നു. അവന് മാനസാന്തരപ്പെടാൻ അവസരം കൊടുക്കുന്നു.

(3) ദൈവത്തിന്റെ 'ക്ലോക്കിൽ' സമയവ്യത്യാസം ഉണ്ട്. കർത്താവിന് ഒരു ദിവസം എന്നു പറഞ്ഞാൽ നമ്മുടെ 1000 വർഷം പോലെയാണ്. (2 പത്രൊസ് 3:8). കർത്താവ് വരാമെന്നു പറഞ്ഞിട്ട് പോയിട്ട് ഈ കണക്കു പ്രകാരം രണ്ടു ദിവസം (2000 വർഷം) കഴിഞ്ഞതേയുള്ളൂ.

മിസ്രയീമിൽ ജനം അനുഭവിച്ച പീഡനം കണ്ടുകൊണ്ട് ദൈവം ഇപ്ര കാരം പറഞ്ഞു: "മിസ്രയീമിലുള്ള എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു....അവരുടെ നിലവിളിയും കേട്ടു. ഞാൻ അവരുടെ സങ്കടങ്ങൾ അറിയുന്നു" (പുറപ്പാട് 3:7). മിസ്രയീമിൽ യിസ്രായേൽജനം ചെലവഴി ച്ചത് 430 വർഷമാണ് (പുറപ്പാട് 12:40). ഇത്രയും വർഷം ഈ ജനം അനുഭ വിച്ച പീഡ ദൈവം നോക്കിനിന്നുവോ?

അങ്ങനെയല്ല. യോസേഫിന്റെ മരണശേഷം ഏകദേശം 150 വർഷ ങ്ങൾ മാത്രമാണ് യിസ്രായേൽമക്കൾ മിസ്രയീമിൽ ഉണ്ടായത്. അവർ ഉപദ്രവിക്കപ്പെട്ടത് 100ൽ താഴെ വർഷം മാത്രമാണ്. യിസ്രായേൽജനം പീഡനം അനുഭവിച്ചുകൊണ്ടിരിക്കുന്ന സമയത്താണ് അഹരോനും മോശെയും ജനിക്കുന്നത്. ദൈവം ജനത്തെ വിടുവിക്കുമ്പോൾ അവർക്ക് യഥാക്രമം 83 ഉം 80 ഉം വയസ്സായിരുന്നു. അതുകൊണ്ടാണ് പറഞ്ഞത്, യിസ്രായേൽജനം പീഡ അനുഭവിച്ചത് 100 ൽ താഴെ വർഷങ്ങൾ മാത്രം.

**ദ്രോഹം പ്രവർത്തിക്കുന്നവരെ വെറുതെ നോക്കുന്നവൻ**

ദൈവം ദീർഘക്ഷമയുള്ളവനും സ്നേഹവാനുമായതുകൊണ്ട് ദ്രോഹം പ്രവർത്തിക്കുന്നവരെ വെറുതെ നോക്കുന്നു. ദ്രോഹം പ്രവർത്തിക്കുന്നവരെ ഭയന്നിട്ടല്ല, അവരെ സ്നേഹിച്ചുകൊണ്ട്, അവർ മനംതിരിഞ്ഞ് വരാൻ സമയം കൊടുത്തുകൊണ്ട് ദൈവം കാത്തിരിക്കുന്നു.

**ദുഷ്ടൻ തന്നിലും നീതിമാനായവനെ വിഴുങ്ങുമ്പോൾ മിണ്ടാതിരിക്കുന്നവൻ**

ദാവീദിന്റെ വലങ്കൈ ആയിരുന്നു യോവാബ്. പക്ഷേ ശലോമോൻ യോവാബിനെ വെട്ടിക്കൊല്ലാൻ ഉത്തരവിട്ടു. കാരണമെന്തായിരുന്നു? “യിസ്രായേലിന്റെ സേനാധിപതിയായ നേരിന്റെ മകൻ അബ്നേർ, യെഹൂദയുടെ സേനാധിപതിയായ യേഥെരിന്റെ മകൻ അമാസാ എന്നിങ്ങനെ തന്നേക്കാൾ നീതിയും സൽഗുണവുമുള്ള രണ്ടു പുരുഷന്മാരെ അവൻ എന്റെ അപ്പനായ ദാവീദ് അറിയാതെ വാൾകൊണ്ട് വെട്ടിക്കൊന്നുകളഞ്ഞു” (1 രാജാക്കന്മാർ 2:31,32).

നാം പല രീതിയിൽ മെച്ചമുള്ളവരായിരിക്കാം. എന്നാൽ നമ്മേക്കാൾ നീതിമാന്മാരായവർ ഉണ്ടായിരിക്കും. അവരുടെ നേരെ ചെല്ലുമ്പോൾ നാം ഒന്നു ശങ്കിക്കേണ്ടതുണ്ട്. അബ്നേരിനും അമാസയ്ക്കും പല നിലകളിലുള്ള കുറവുകൾ ഉണ്ടായിരിക്കാം. പക്ഷേ അവർ യോവാബിനേക്കാൾ ശ്രേഷ്ഠരായിരുന്നുവത്രേ. അവരെ വെട്ടിക്കൊല്ലാനുള്ള യോഗ്യത യോവാബിനുണ്ടായിരുന്നില്ല. അവരെ കൊന്നതിനുള്ള ശിക്ഷയാണ് ശലോമോൻ യോവാബിന്റെ മേൽ നടപ്പാക്കിയത്.

ദുഷ്ടൻ തന്നിലും നീതിമാനായവനെ വിഴുങ്ങുമ്പോൾ ദൈവം മിണ്ടാതിരിക്കുന്നത് നേരത്തെ പറഞ്ഞതുപോലെ ദൈവം ദീർഘക്ഷമയുള്ളവനും സ്നേഹവാനും ആയതുകൊണ്ട്തന്നെയാണ്. നമ്മുടെ നേരെ ചിലർ ഉപദ്രവവുമായി വരുമ്പോൾ, കുറച്ചു ദിവസം തുടർച്ചയായി അത് അനുഭവിച്ച് നാം നെടുവീർപ്പിടുമ്പോൾ, ഒരു പക്ഷേ നാം ചിന്തിച്ചേക്കാം: എന്തുകൊണ്ട് ദൈവം ഇതിലൊന്നും ഇടപെടുന്നില്ല? ദൈവം ഇതൊന്നും കാണുന്നില്ലേ?

ദൈവം എല്ലാം കാണുന്നുണ്ട്. നാം സഹിക്കുന്ന ഉപദ്രവങ്ങൾ കാണുന്നുണ്ട്. മറ്റുള്ളവർ നമുക്ക് വരുത്തുന്ന ദോഷങ്ങൾ കാണുന്നുണ്ട്. നമ്മെ തോൽപ്പിക്കാനുള്ള ചിലരുടെ ശ്രമങ്ങൾ ദൈവം കാണുന്നുണ്ട്. ദൈവം തക്ക സമയത്ത് ഇടപെടും. നമ്മെ വിടുവിക്കും. അതുവരെ ദൈവത്തിന്റെ നേരെ പിറുപിറുക്കാതെ നാം കാത്തിരിക്കണം.

**(തുടരും)**

# ഓരോരോ ജന്മങ്ങള്!

-എംവിഎസ്-

9

## കേജ്രിവാൾ... താങ്കളും!

അഴിമതിയും വർഗ്ഗീയതയും ധൂർത്തും കണ്ടുമടുത്ത ഇന്ത്യയിലെ ഒരു വിഭാഗം ജനം വലിയ പ്രതീക്ഷയോടെ കണ്ട വ്യക്തിയാണ് അരവിന്ദ് കേജ്രിവാൾ. ആം ആദ്മി പാർട്ടിയുമായി അദ്ദേഹം ഡെൽഹിയിൽ തേരോട്ടം ആരംഭിക്കുകയും അത് പഞ്ചാബിലേക്ക് പടർത്തുകയും ചെയ്തു. ഇനി കേരള മുൾപ്പെടെ മറ്റു സംസ്ഥാനങ്ങളിലേക്ക് നോട്ടമിട്ടുകൊണ്ട്, ശുദ്ധീകരണത്തിന്റെ പ്രതീകവും പാർട്ടിചിഹ്നവുമായ ചൂലും കയ്യിലേന്തി വരുന്ന ആം ആദ്മിയെയും അതിന്റെ നേതാവായ അരവിന്ദ് കേജ്രിവാളിനെയും നോക്കി ആശ്വാസത്തിന്റെ നെടുവീർപ്പിട്ട ധാരാളം ആളുകളുണ്ട്.

25 വർഷം തുടർച്ചയായി ഡെൽഹി ഭരിച്ച കോൺഗ്രസിനെ ഒരു സീറ്റു പോലും ഇല്ലാത്ത നിലയിൽ തൂത്തെറിഞ്ഞുകൊണ്ടാണ് ആം ആദ്മി ജനശ്രദ്ധ പിടിച്ചുപറ്റിയത്. പഞ്ചാബിലും പിടിമുറുക്കിയതോടുകൂടി ആം ആദ്മി പാർട്ടിയെ മറ്റു പാർട്ടിക്കാർ ഭയക്കാനും സാധാരണക്കാർ സ്നേഹിക്കാനും തുടങ്ങി. ആർഭാടവും ധൂർത്തും അഴിമതിയുമില്ലാതെ ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്തുകൊണ്ട് ആം ആദ്മി പാർട്ടി മുന്നോട്ടു പോകുന്നതിന്റെ വാർത്തകൾ, മറ്റു പാർട്ടികളുടെ നയങ്ങളിൽ അസ്വസ്ഥതയുള്ളവരെ കോൾമയിർ കൊള്ളിച്ചു.

പക്ഷേ, കേജ്രിവാൾ ഒടുവിൽ ഹിന്ദുത്വകാർഡ് കളിച്ചു! അവിശ്വസനീയമായി തോന്നി. കേജ്രിവാളിനെപ്പോലെ ഒരാൾ...! അതെ, കേട്ടത് ശരി തന്നെയായിരുന്നു. രാജ്യപുരോഗതിക്ക് കറൻസിയിൽ ലക്ഷ്മീദേവി വേണമെന്ന് കേജ്രിവാൾ! അപ്പോൾ അങ്ങേരുടെയും തല തിരിഞ്ഞുപോയി എന്നർത്ഥം. വാർത്ത നോക്കാം:

> രാജ്യത്തിന് സാമ്പത്തിക പുരോഗതിയും ഐശ്വര്യവുമുണ്ടാകാൻ കറൻസിനോട്ടുകളിൽ ലക്ഷ്മീദേവിയുടെയും ഗണപതിയുടെയും ചിത്രങ്ങൾ ഉൾപ്പെടുത്തണമെന്ന് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്രിവാളിന്റെ നിർദ്ദേശം. രാജ്യത്തെ സാമ്പത്തിക സ്ഥിതി മോശമാണെന്നും ദൈവങ്ങളുടെ അനുഗ്രഹത്താൽ ഇത് മെച്ചപ്പെടുത്താമെന്നുമാണ് അദ്ദേഹത്തിന്റെ വിശദീകരണം. *(27-10-2022 ലെ പത്രവാർത്ത)*

ബിജെപി പോലും മുന്നോട്ടു വയ്ക്കാത്ത ആശയം അരവിന്ദ് കേജ്രിവാൾ മുന്നോട്ടു വച്ചപ്പോൾ ശരിക്കും ഞെട്ടിപ്പോയി. സ്കൂൾ-കോളേജുകളിൽ സിലബസിനെ കാവിവത്കരിക്കാനും രാജ്യത്തെ ഹൈന്ദവവത്കരിക്കാനും നടക്കുന്നവർ എന്നൊരു ദുഷ്പേര് എങ്ങനെയൊക്കെയോ വന്നു ചേർന്നിട്ടുള്ളത് ബിജെപിക്കാണ്. അവർ പോലും ചിന്തിക്കാത്ത ആശയമാണ് കേജ്രിവാൾ പറഞ്ഞത്. ഒരു ആവേശത്തിന് പറഞ്ഞതായിരിക്കും എന്നും ഉടനെ തിരുത്തുമെന്നും കരുതിയെങ്കിലും തുടർന്നു വന്ന വാർത്ത അതിലും കടുപ്പമായിരുന്നു.

> നോട്ടിൽ ദൈവങ്ങൾ: മോദിക്ക് കത്തയച്ച് കേജ്രിവാൾ. കറൻസി നോട്ടിൽ മഹാത്മാഗാന്ധിയുടെ ചിത്രത്തിനൊപ്പം ലക്ഷ്മീദേവിയുടെയും ചിത്രം ചേർക്കണമെന്നാവശ്യപ്പെട്ട് കേജ്രിവാൾ പ്രധാനമന്ത്രിക്ക് ഇന്നലെ കത്തയച്ചു. *(29-10 -2022 ലെ പത്രവാർത്ത)*

കേജ്രിവാളിന്റെ ഈ ആവശ്യത്തിനെതിരെ ഏറ്റവും ശക്തമായി മുന്നോട്ടു വന്നത് ബിജെപിയാണ്. തങ്ങൾ കളിക്കുന്ന കോർട്ടിൽ തങ്ങളേക്കാൾ ശക്തമായി കേജ്രിവാൾ വന്ന് കളിച്ചത് അവരെപ്പോലും ഞെട്ടിച്ചുകാണണം.

മിസ്റ്റർ കേജ്രിവാൾ, താങ്കളെക്കുറിച്ചുള്ള എല്ലാ മതിപ്പും എന്നെപ്പോലെയുള്ളവർക്ക് നഷ്ടപ്പെട്ടു. താങ്കളും വെറും വട്ടപ്പൂജ്യമാണെന്നു തെളിയിച്ചു കഴിഞ്ഞു. നോട്ടിൽ ഹൈന്ദവദൈവങ്ങളുടെ ഫോട്ടോ വച്ചാൽ നാടിന് സാമ്പത്തിക അഭിവൃദ്ധിയുണ്ടാകും എന്ന ശുദ്ധവിവരക്കേട് എഴുന്നള്ളിക്കാൻ താങ്കളെപ്പോലൊരു ഭരണാധികാരിക്ക് എങ്ങനെ കഴിഞ്ഞു?! ഇത്തരം കാര്യങ്ങൾ പറയുമ്പോൾ താങ്കൾ ചില കാര്യങ്ങൾ ഓർക്കണമായിരുന്നു:

(1) ഇന്ത്യ ഒരു മതേതര രാജ്യമാണ്. പല മതങ്ങളിൽ വിശ്വസിക്കുന്നവർ ഇവിടെ ഉണ്ട്. (2) നോട്ടുകളിൽ ഹൈന്ദവദൈവങ്ങളുടെ പടം വച്ചാൽ അഭിവൃദ്ധിയുണ്ടാകും എന്നു പറയുന്നത് മറ്റു മതങ്ങളെ അവഹേളിക്കുന്ന പ്രസ്താവനയാണ്. (3) നോട്ടുകളിൽ ദൈവങ്ങളുടെ പടം വന്നാൽ രാജ്യം സാമ്പത്തികപുരോഗതി കൈവരിക്കും എന്ന വാദം അന്ധവിശ്വാസമാണ്. (4) സാമ്പത്തികപുരോഗതി കൈവരിച്ചിട്ടുള്ള ഏതെങ്കിലും രാജ്യം ഇപ്രകാരം ചെയ്തിട്ടാണോ ആ നേട്ടം സ്വന്തമാക്കിയത്?

മഹാകഷ്ടം കേജ്രിവാൾ... ഇത്തരം വികലമായ ചിന്താഗതി വച്ചുപുലർത്തിക്കൊണ്ടാണോ താങ്കൾ ഭരിക്കുന്നത്? കഷ്ടം... അറിഞ്ഞില്ല... ആരും ഒന്നും പറഞ്ഞില്ല.... കറൻസിനോട്ടുകളിൽ ദൈവങ്ങളുടെ പടം വച്ചാൽ സാമ്പത്തികഅഭിവൃദ്ധി വരുമത്രേ! എന്താ ചെയ്ക... ഓരോരോ ജന്മങ്ങള്! ❍

എംവിഎസ്

# ബൈനോക്കുലർ

18

## കോടികളുടെ കടം!

ഈ വർഷം നമ്മുടെ കേരളസർക്കാർ 15000 കോടി രൂപ കടമെടുത്തു! ഇനിയും ഏകദേശം രണ്ടുമാസം കൂടി ബാക്കിയുണ്ട്. ഈ കടവും അതിന്റെ പലിശയുമെല്ലാം അടച്ചുതീർക്കാനുള്ള ബാധ്യത ജനത്തിനാണ്. പത്തുമാസം കൊണ്ട് 15000 കോടി കടമെടുത്തു എന്നു പറഞ്ഞാൽ ഒരു മാസം 1500 കോടി എന്ന കണക്കിലാണ് കടമെടുപ്പ്. ഒരു ദിവസം 50 കോടി എന്ന് വരും. ഓരോ ദിവസവും 50 കോടി രൂപ കടമെടുത്ത് കേരളത്തിന്റെ കാര്യങ്ങൾ നോക്കാനാണോ നാം ഇവരെയൊക്കെ അധികാരത്തിൽ ഇരുത്തിയിരിക്കുന്നത്?

ഇങ്ങനെ കടമെടുത്ത് നാടു ഭരിക്കാൻ (മുടിക്കാൻ) ഏതെങ്കിലും മുന്നണികളുടെ ആവശ്യമുണ്ടോ? ഇത് ആർക്കും വളരെ നിസ്സാരമായി ചെയ്യാവുന്ന കാര്യമല്ലേ ഉള്ളൂ. ഓരോ ദിവസവും 50 കോടി പലിശയ്ക്ക് കടമെടുക്കുക. ചെയ്യാനുള്ള കാര്യങ്ങൾ ചെയ്യുക. ഇതാണോ ഭരണനൈപുണ്യം? ഇതിനാണോ ഇത്രയധികം പേഴ്സണൽസ്റ്റാഫിനെ കുത്തിനിറച്ചിരിക്കുന്നത്? എവിടെനിന്നു ഇനി കടമെടുക്കും എന്നു ചിന്തിക്കാൻ ഇത്രയധികം പാടുപെടേണ്ടതുണ്ടോ? സർക്കാർജോലിക്കാർക്ക് ശമ്പളം കൊടുക്കണമെങ്കിൽ കടമെടുക്കേണ്ട ഗതികേടിലാണത്രേ കേരളം! വീറും വാശിയോടെയും ആകാശത്തേക്ക് മുഷ്ടിചുരുട്ടി കുത്തി സിന്ദാബാദ് വിളിക്കുന്ന കഴുതകൾ ഇതെങ്ങാനും ശ്രദ്ധിക്കുന്നുണ്ടോ?

എനിക്കൊരു സൂപ്പർമാർക്കറ്റ് ഉണ്ടെന്നിരിക്കട്ടെ. അതിലെ ജോലിക്കാർക്ക് ശമ്പളം കൊടുക്കാൻ ഞാൻ എല്ലാ മാസവും കടമെടുക്കുന്നു എന്നു കരുതുക. അപ്പോൾ നിങ്ങൾക്കെന്തു മനസ്സിലായി? എന്റെ സൂപ്പർമാർക്കറ്റ് മുങ്ങിക്കൊണ്ടിരിക്കുന്ന കപ്പലല്ലേ? ഞാൻ കഴിവുകെട്ടവനും വിഡ്ഢിയുമായ നടത്തിപ്പുകാരൻ അല്ലേ? അതാണ്. വികസനപദ്ധതികൾ നടത്തി നടത്തി വികസിച്ചത് കടമാണ്, അല്ലാതെ നാടോ നാട്ടുകാരോ അല്ല. ഈ നാടു ഭരിച്ച എല്ലാവർക്കും ഈ ദുരന്തത്തിൽ പങ്കുണ്ട്.

കടമെടുക്കാതെ പിന്നെ എന്താ ചെയ്ക? ആദ്യം തന്നെ ധൂർത്ത് ഒഴിവാക്കൂ. വിദേശരാജ്യങ്ങളിലെ വികസനം കണ്ടുപഠിക്കുന്നത് നിർത്തൂ. സ്വന്തം രാജ്യത്ത് വികസനപദ്ധതികൾക്ക് തുടക്കമിടട്ടെ. ഇവിടെയുള്ള

തൊഴിൽമേഖലകൾ എത്രയെണ്ണം സ്തംഭിപ്പിച്ചിട്ടുണ്ട് എന്ന കണക്കെടുക്കുക. അതിൽ പശ്ചാത്തപിക്കുക. ഒരു നല്ല തുടക്കം കുറിക്കുക.

ഈ വർഷം ഇതുവരെ കടമെടുത്ത 15000 കോടി എന്തിനെല്ലാം ചെലവഴിച്ചു എന്ന് ഐറ്റം തിരിച്ച് പ്രസിദ്ധീകരിച്ചാൽ അതിൽ എത്ര കോടിയുടെ ചെലവ് ഒഴിവാക്കാമായിരുന്നു എന്നു മനസ്സിലാക്കാം. പഠിക്കാൻ വേണ്ടി നമ്മുടെ ഭരണാധികാരികൾ നടത്തിയ വിദേശയാത്രകൾക്ക് മൊത്തം എത്ര കോടി? രാജ്യത്തുള്ള ആശുപത്രികളെ അവഹേളിക്കുംവിധം വിദേശത്ത് ചികിത്സ തേടിയതിന് എത്ര കോടി? ഗവർണർ ശക്തമായി എതിർത്ത, കേരളത്തിൽ മാത്രം കണ്ടുവരുന്ന, വിചിത്രമായ പേഴ്സണൽസ്റ്റാഫ്നയത്തിലൂടെ പാഴായതും പാഴായിക്കൊണ്ടിരിക്കുന്നതും എത്ര കോടി? സോഷ്യൽമീഡിയ പോലുള്ള ഒന്നാന്തരം പ്ലാറ്റ്ഫോമുകൾ ഉണ്ടായിട്ടും സർക്കാരിന്റെ നേട്ടങ്ങൾ പരസ്യപ്പെടുത്തുന്നതിന് ചെലവാക്കിയത് എത്ര കോടി? ആഡംബര ആഘോഷങ്ങൾക്ക് എത്ര കോടി? മന്ത്രിമാരുടെയും മുഖ്യമന്ത്രിയുടെയും കാറുകൾക്ക് എത്ര കോടി? ക്ലിഫ് ഹൗസിനോടു ചേർന്ന് തൊഴുത്ത് വിത് മ്യൂസിക്, നീന്തൽക്കുളം.. തുടങ്ങിയവയ്ക്കെല്ലാം എത്ര കോടി?

ഒരു സാധാരണ നികുതിദായകന്റെ ചോദ്യങ്ങളാണിതെല്ലാം. അധികാരത്തിൽ ഇരിക്കുന്നവർ കാണിക്കുന്ന വിവേകമില്ലായ്മകൾക്ക് നഷ്ടം സഹിക്കേണ്ടിവരുന്നത് സാധാരണക്കാരായ നികുതിദായകരാണ്. എല്ലാ നികുതികളും കൂടിക്കൊണ്ടിരിക്കയാണ്. കടമെടുക്കുക, നികുതി കൂട്ടുക – ഈ നയം മാറ്റുവാൻ ഇന്ത്യയിലെ എല്ലാ സർക്കാരുകളും തയ്യാറാവണം. ഓരോ ഇലക്ഷൻ വരുമ്പോൾ പല്ലിളിച്ചു കാട്ടി, കൂപ്പുകയ്യുമായി വരുന്ന ആ സ്ഥിരം കലാപരിപാടിയും അത് തിരിച്ചറിയാത്ത കഴുതകളായ പൊതുജനവും ഈ നാടിന്റെ ശാപമാണ്.

പിഴയിലൂടെ, നികുതി കൂട്ടുന്നതിലൂടെ, മദ്യം വിൽക്കുന്നതിലൂടെ, ലോട്ടറി വിൽക്കുന്നതിലൂടെ.... ഇതു മാത്രമേ വരുമാനം കണ്ടെത്താനുള്ള മാർഗ്ഗങ്ങളുള്ളൂ? ഇവിടെ പണം മുടക്കാൻ തയ്യാറായ എത്ര സംരംഭകരെ നാം പ്രോത്സാഹിപ്പിക്കാതെ പറഞ്ഞയച്ചിട്ടുണ്ട്? എത്ര വ്യവസായശാലകൾ ഇവിടെ പൂട്ടിയിട്ടുണ്ട്? അല്ല, പൂട്ടിച്ചിട്ടുണ്ട്? തൊഴിൽത്തർക്കത്തിന് ഏറ്റവും പേരു കേട്ട സംസ്ഥാനം കേരളമാണത്രേ!

കേരളത്തിൽ 3500 കോടി നിക്ഷേപിക്കാൻ തയ്യാറാണെന്ന് അറിയിച്ച കിറ്റെക്സ് ഗാർമെന്റിനെ നിലനിർത്താൻ നമുക്കായില്ല. അവർ തെലുങ്കാനയിലേക്ക് നീങ്ങി. തുടർച്ചയായി ഇൻസ്പക്ഷൻ നടത്തി അവരുടെ ആത്മവീര്യം നഷ്ടപ്പെടുത്തിയത്രേ. കുറച്ചുകൂടി ബുദ്ധിപരമായി നീങ്ങിയിരുന്നെങ്കിൽ!

# ഔസേപ്പുണ്ണിയുടെ മരണം

ചെറുകഥ

**-എംവിഎസ്-**

അദ്ദേഹവും ഈ ലോകത്തിൽ നിന്നും യാത്രയായി.

ഔസേപ്പുണ്ണി... നാട്ടുകാരുടെ ഔസേപ്പുണ്ണേട്ടൻ... സഭക്കാരുടെ ഔസേപ്പുണ്ണിസഹോദരൻ..

86 വയസ്സുണ്ടായിരുന്നു. ഭാര്യ അഞ്ച് വർഷം മുമ്പ് കർത്താവിൽ നിദ്രപ്രാപിച്ചു.

മുഖം നിറയെ ചെറുപുഞ്ചിരിയുമായി വരുന്ന ഔസേപ്പുണ്ണിയെ എല്ലാവർക്കും ഇഷ്ടമായിരുന്നു.

കഷ്ടപ്പാട് നിറഞ്ഞ ഒരു ഭൂതകാലമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. കൂലിപ്പണി ചെയ്ത് തളർന്നവശനായി വീട്ടിൽ വരും; ചൂടുവെള്ളത്തിൽ ഒരു കുളിയും കഴിഞ്ഞ് വേദപുസ്തകം എടുത്ത് വായിക്കും.

അദ്ദേഹം നല്ലൊരു മാതൃകയായിരുന്നു. വിദ്യാഭ്യാസം തീരെയില്ല എന്നു പറയാം. എങ്കിലും അത്യുത്സാഹിയായിരുന്നു. എളിയജീവിതം നയിച്ച ഭക്തനായിരുന്നു.

പക്ഷേ മക്കളും കൊച്ചുമക്കളും ആ ദാരിദ്ര്യത്തിന്റെ പഴയ കാലം ഓർക്കാൻ ആഗ്രഹമുള്ളവരല്ല. വസ്ത്രത്തിലും സംസാരത്തിലും മുഴുവനായും 'പാശ്ചാത്യം' കേറിപ്പറ്റിയ നിലയിൽ വെറും പൊങ്ങികളും പൊങ്ങച്ചംവിളമ്പികളും ആയി അവറ്റകൾ അധഃപതിച്ചുപോയിരുന്നു.

"അപ്പന്റെ സംസ്കാരശുശ്രൂഷ ഫുള്ളായും ഇംഗ്ലീഷിൽ മതി" മൂത്ത മകളും പച്ചപ്പരിഷ്കാരിയുമായ സൂസി പറഞ്ഞു.

"നമ്മുടെ സഭേലെ മൂപ്പൻ വേണ്ട. അങ്ങേർക്ക് മലയാളമേ അറിയൂ. മാത്രമല്ല, ഒരു മുണ്ടും ഒരു ഷർട്ടും ഇട്ടേ അങ്ങേര് വരൂ. എന്റെ ഭർത്താവിന്റെ സഭയിലെ പാസ്റ്ററാണെങ്കിൽ തകർക്കും. കോട്ടും ടൈയും ഉണ്ടായിരിക്കും. ആകെക്കൂടി പരിപാടി കളറാകും. നമ്മുടെ മൂപ്പനാണെങ്കിൽ പരിപാടി പഴേ ബ്ലാക്ക് ആന്റ് വൈറ്റ് പടം പോലെ മാത്രമേ ആവൂ"

എല്ലാവരും സൂസിയുടെ അഭിപ്രായത്തോടു യോജിച്ചു.

മൂപ്പനോട് വിവരം പറഞ്ഞു. "ശുശ്രൂഷ സൂസിയുടെ സഭയിലെ പാസ്റ്റർ നടത്തിക്കൊള്ളും. എല്ലാം ഇംഗ്ലീഷിൽ വേണമെന്നാണ് ഞങ്ങടെ തീരുമാനം"

മൂപ്പൻ തലയാട്ടി. തന്റെ ഉള്ളിൽ നുരഞ്ഞുപൊന്തിയ അപമാനം പുറത്തു കാണിക്കാതിരിക്കാൻ അദ്ദേഹം പാടുപെട്ടു.

സ്ഥലംസഭയിലെ മൂപ്പന് യാതൊരു ശുശ്രൂഷയുമില്ല. കാരണം അദ്ദേഹത്തിനു ഇംഗ്ലീഷ് അറിയില്ല. മാത്രമല്ല സാധാരണവേഷത്തിലാണത്രേ അദ്ദേഹം നടക്കുന്നത്!

കാര്യങ്ങളെല്ലാം അതുപോലെ ത്തന്നെ സംഭവിച്ചു.

സൂസിയുടെ സഭയിലെ പാസ്റ്റർ അണിഞ്ഞൊരുങ്ങി വന്നു. കൂടെ ഒരു ലോഡ് വേറെ പാസ്റ്റർമാരും. എല്ലാ വരും വേഷത്തിൽ ഗംഭീരന്മാർ!

*ലെറ്റ്സ് സ്റ്റാർട്ട് വിത് പ്രേയർ* ശുശ്രൂഷകൻ ആരംഭിച്ചു.

"എന്താടാ ഇപ്പൊ അയാള് പറ ഞ്ഞെ?'' ജനക്കൂട്ടത്തിലെ ഒരാൾ ചോദിക്കുന്നത് കേട്ടു.

"ഇംഗ്ലീഷാ... മിണ്ടാതിരി" അരികെ നിന്നയാളുടെ മറുപടി.

"അതെന്താ അങ്ങനെ..." ഇവിടെ ആർക്കാ മലയാളം അറിയാത്തത്?

"ഓ.. ഒന്ന് മിണ്ടാതിരി ചേട്ടാ..."

ഈ സംഭാഷണമൊന്നും കേൾ ക്കാതെ, ശുശ്രൂഷകൻ ഇംഗ്ലീഷിൽ പൊളിച്ചടക്കുകയാണ്. അല്ല, ശുശ്രൂ ഷിക്കുകയാണ്.

*ഗോഡ് ഗെയ്വ് ഹിം എ ചേൻസ് റ്റു റ്റെയ്സ്റ്റ് ഹിം. നൗ ദിസ് ഫാദർ ഈസ് നോട്ട് വിതസ്. ഹി ലെഫ്റ്റ്...*

ജനത്തിലെ ഒരാൾ അടുത്തുനിന്ന ആളോട് പതുക്കെ പറഞ്ഞു: "ഈ പാസ്റ്ററെ ഞാൻ അറിയും. എന്റെ കൂടെ പഠിച്ചിട്ടുണ്ട്. എട്ടാംക്ലാസ്സ് മൂന്നു തവണ തോറ്റപ്പോ പഠനം നിർത്തി യതാണ്. പിന്നെ ബൈബിൾകോളേ ജിലോ മറ്റെവിടെയൊക്കെയോ പോ യി ഇംഗ്ലീഷ് പഠിച്ചതാണ്. ഇയാളുടെ അപ്പന് സിനിമാതിയറ്ററിൽ കപ്പലണ്ടി വിൽക്കലായിരുന്നു ജോലി. ഒരു കുടി ലിൽ ആയിരുന്നു ജീവിച്ചത്"

കേട്ടയാൾ വാ പൊളിച്ചു നിന്നു.

വചനശുശ്രൂഷയ്ക്ക് മുമ്പ് അനു സ്മരണം ഉണ്ടായിരുന്നു.

സൂസി ഇംഗ്ലീഷിൽത്തന്നെയാണ് അനുസ്മരിച്ചത്. വാക്കുകൾ പല പ്പോഴും മുറിഞ്ഞു. വിക്കി വിക്കിയുള്ള ആ അനുസ്മരണം കേട്ട് ചിലർ പറഞ്ഞു:

"ഈ മോൾക്ക് അവളുടെ അപ്പ നോട് വല്യ സ്നേഹം ഉണ്ടായിരുന്നു. വാക്കുകൾ കിട്ടാതെ വിഷമിക്കുന്നതു കണ്ടില്ലേ?"

പക്ഷേ അടുത്ത് നിന്നിരുന്ന ഒ രാൾ അത് അംഗീകരിച്ചില്ല. അയാൾ അയാളുടെ അഭിപ്രായം പറഞ്ഞു: "ഇത് സങ്കടം തിങ്ങിയിട്ട് വാക്കുകൾ മുറിയുന്നതല്ല. ഇംഗ്ലീഷ് വേണ്ടത്ര പറയാൻ കഴിയാതെ ബുദ്ധിമുട്ടുന്ന താണ്."

അയാൾ തുടർന്നു: ''അവള് എന്റെ കൂടെ സ്കൂളിൽ പഠിച്ചിട്ടുണ്ട്. ഇംഗ്ലീഷിൽ സ്ഥിരമായി തോൽക്കുന്ന യാളാണ് കക്ഷി."

ഇനി ഇതാ വചനശുശ്രൂഷയാണ്. ദൈവദാസൻ ഇംഗ്ലീഷിൽ തകർത്തു പെയ്തു. ഈ സംഭവം നടക്കുന്നത് ഒരു ഗ്രാമത്തിലാകയാൽ, സാധാരണ ക്കാരായ ഗ്രാമവാസികൾ വായും പൊളിച്ച്, തല മാന്തി, നിന്നു.

"അയാളുടെ ഇംഗ്ലീഷ് സൂപ്പറാലേ?"

"അതിന് നെനക്ക് എന്തെങ്കിലും മനസ്സിലായോ?"

"ഇംഗ്ലീഷാന്ന് മനസ്സിലായില്ലേ? അതു മതി."

വചനശുശ്രൂഷ കഴിഞ്ഞതോടെ സഭയിലെ യഥാർത്ഥ മൂപ്പൻ കോട്ടിട്ട ശുശ്രൂഷകനോട് പറഞ്ഞു:

"എനിക്ക് ഇംഗ്ലീഷ് അറിയില്ല. അതുകൊണ്ടാണ് മലയാളത്തിൽ സംസാരിക്കുന്നത്. ഈ ഔസേപ്പുണ്ണി ച്ചേട്ടന്റെ കൂടെ ദീർഘനാൾ ജോലി ചെയ്ത അവറാൻചേട്ടൻ ഉണ്ട്. സഭയിലെ വിശ്വാസിയുമാണ്. അദ്ദേഹത്തിന് അനുസ്മരണത്തിന് അവസരം കൊടുക്കണം."

"വേണ്ട, വേണ്ട..." സൂസിയും ഭർത്താവും പെട്ടെന്നു പ്രതികരിച്ചു. എന്നിട്ട് കോട്ടിട്ട ശുശ്രൂഷകനോട് പതുക്കെ പറഞ്ഞു. "ആ കാർന്നോർക്ക് ഇംഗ്ലീഷൊന്നും അറിയില്ല. മാത്രമല്ല മുണ്ടും ഷർട്ടുമിട്ട്... ആകെക്കൂടി ഒരു കൺട്രി ലുക്ക്... വേണ്ട. അതിനെക്കുറിച്ച് ചിന്തിക്കേ വേണ്ട"

"വേണം" മൂപ്പന്റെ സ്വരം കനത്തു. "ഇത്ര നേരം നിന്റെയൊക്കെ താളത്തിനുള്ള തുള്ളലല്ലേ ഇവിടെ നടന്നത്? അവറാൻചേട്ടന് ഒരു അവസരം കൊടുക്കണം. കൊടുത്തേ പറ്റൂ. ഇവിടെ മലയാളത്തിൽ സംസാരിച്ചതുകൊണ്ട് ആരുടേം ഒന്നും...." മൂപ്പൻ പെട്ടെന്നു നിർത്തി. എന്താണാവോ അദ്ദേഹം പറയാൻ പോയത്?

ഏതായാലും പന്തികേട് മണത്ത കോട്ടിട്ട ശുശ്രൂഷകൻ അതിന് സമ്മതിച്ചു. അവറാൻചേട്ടൻ പതുക്കെ മുന്നോട്ടു വന്നു. വിറയലുള്ള ശബ്ദത്തോടെ മലയാളത്തിൽ പറഞ്ഞു:

"ഞാനും അവുസേപ്പുണ്ണിയും വല്യ കൂട്ടുകാരായിരുന്നു. ഞങ്ങൾ കൂലിപ്പണി ചെയ്താണ് കുടുംബം പുലർത്തിയത്. എന്തൊക്കെ ജോലി ഞങ്ങള് ചെയ്തിട്ടുണ്ടെന്ന് നിങ്ങക്ക് അറിയോ? ഞങ്ങള് തെങ്ങുംകുഴി കുത്തീട്ടുണ്ട്. കക്കൂസിന് കുഴി കുത്തിയിട്ടുണ്ട്."

ഇതു കേട്ടപ്പോൾ സൂസിയുടെ മുഖം വിളറി വെളുത്തു. ഈ കെളവൻ മാനം കെടുത്തും എന്നു അവൾ പിറുപിറുത്തു.

അവറാച്ചൻ തുടർന്നു: "ജോലി പലപ്പോഴും ലഭിക്കാറില്ല. അപ്പൊ ഞങ്ങടെ രണ്ടു കുടുംബങ്ങളും മിക്കവാറും പട്ടിണിയാകും. വെറുതെ പച്ചവെള്ളം കുടിച്ചു കഴിഞ്ഞ ദെവസങ്ങളുണ്ട്. ഈ സൂസിക്കൊച്ച്... അന്നവൾക്ക് എട്ടൊമ്പത് വയസ്സ് കാണും. ഒരു ദെവസം വെശന്നിട്ട് കൊറെ നേരം കരഞ്ഞു."

ഭൂമി കാലിനു താഴെ പിളരുന്നതുപോലെ സൂസിക്ക് തോന്നി. മാനത്ത് നിന്ന് വല്ല ഇടി വെട്ടി മിന്നലേറ്റ് ഈ അവറാൻകെളവൻ ഇപ്പോൾ തന്നെ ചത്തെങ്കിൽ എന്നു അവൾ ആശിച്ചു പോയി.

"എന്നാൽ ദൈവം ഔസേപ്പുണ്ണിയുടെയും എന്റെയും തലമുറകളെ പിന്നീട് അനുഗ്രഹിച്ചു. സാമ്പത്തികമായി അഭിവൃദ്ധി തന്നു. സകല കഷ്ടപ്പാടും ഉണ്ടായിട്ടും ഞങ്ങൾ വിശ്വസ്തതയോടെ ദൈവമുമ്പാകെ നിന്നു. അതിന്റെ ഫലമായാണ് തലമുറകളിലേക്ക് ദൈവം അനുഗ്രഹം പകർന്നത്."

ഇതും പറഞ്ഞ് അവറാൻചേട്ടൻ വിതുമ്പി. വാക്കുകൾ കിട്ടാതെ വിഷമിച്ചു. ❍

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th November 2022

Posted at
Thrissur RMS

**ആനുകാലികം**

## പെറ്റിക്കേസ് കൂട്ടേണ്ട: പോലീസിന് ഡിജിപിയുടെ കർശന നിർദേശം

> പെറ്റിക്കേസ് എണ്ണം കൂട്ടാനായി ചെറിയ സംഭവങ്ങളെ പെരുപ്പിച്ചുകാട്ടി സേനയുടെ മുഖം നഷ്ടപ്പെടുത്തരുതെന്ന് സ്റ്റേഷൻഹൗസ് ഓഫീസർമാർക്കും ജില്ലാ പോലീസ് മേധാവികൾക്കും കർശന നിർദ്ദേശം. *(28–10–2022 ലെ പത്രവാർത്ത)*

ഇപ്പോഴെങ്കിലും ഈ നല്ല ബുദ്ധി തോന്നിയതിന് നന്ദി. ഖജനാവിൽ കാശുണ്ടാക്കാൻ കേരളത്തിലെ ചില 'സാമ്പത്തികബുദ്ധിമാന്മാർ' കണ്ടെത്തിയ ഒന്നാന്തരം മാർഗ്ഗമാണ് പെറ്റിക്കേസുകളും അതിനിടുന്ന പിഴയിലൂടെ ലഭിക്കുന്ന വരുമാനവും. കോവിഡ്കാലത്ത് കിറ്റ് കൊടുത്തിരുന്നത് പെറ്റിയിലൂടെയാണെന്ന് ഒരു ആക്ഷേപം ഉണ്ടായിരുന്നു. സെക്ടറൽ മജിസ്ട്രേറ്റുമാർ എന്ന പേരിൽ അന്ന് നാടു ചുറ്റിയിരുന്ന പലരും തെല്ലും മനസാക്ഷിയില്ലാതെ നിസ്സാരകാരണങ്ങളും പറഞ്ഞ് പിഴ ഈടാക്കിയിരുന്നത് വ്യാപകമായ എതിർപ്പിന് കാരണമായിരുന്നു.

ഓരോ മാസത്തിലും ടാർഗറ്റ് മുട്ടിക്കാനായി പോലീസ് ഇറങ്ങുകയും, എത്രയും പെട്ടെന്ന് ടാർഗറ്റ് മുട്ടിച്ച് പോകാനായി, യാതൊരു ദയാദാക്ഷിണ്യവുമില്ലാതെ പെറ്റിക്കേസുകൾ ചുമത്തുകയും ചെയ്യുന്ന ഏർപ്പാട് തിരുത്തപ്പെടേണ്ടത് തന്നെയാണ്. പോലീസിന്റെ മേധാവിക്കു തന്നെ അത് ബോധ്യപ്പെട്ടത് നന്നായി. ❍

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V